# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലെ പട്ടാമ്പി (തപാൽ), പാലക്കാട് ജില്ല, 679 306 (പിൻ), കേരളം

ഫോൺ: +91 466 2212228, ഇമെയിൽ – rarsptb@kau.in, വെബ് – www.rarsptb.kau.in


നമ്പർ: ഡി2/4930/2024 | തിയ്യതി: 23.10.2024

## ക്വട്ടേഷൻ നോട്ടീസ്

ഈ ഗവേഷണ കേന്ദ്രത്തിലെ ഡയറി യൂണിറ്റിലേക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ വഴി മൂന്ന് പശുക്കളെ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നു. പശുക്കളെ നൽകാൻ തയ്യാറുള്ളവർക്ക് നിബന്ധനകൾ അനുസരിച്ചുകൊണ്ട് ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

1. പശുക്കൾ കറവയുള്ള ജഴ്സി ക്രോസ്ബ്രെഡ് ഇനത്തിൽ പെടുന്നവയായിരിക്കണം.
2. മൂന്നിൽ കൂടുതൽ തവണ പ്രസവിച്ചവയാകരുത്.
3. രാവിലത്തെ കറവയ്ക്ക് 6 മുതൽ 10 വരെ ലിറ്റർ പാൽ ലഭിക്കുന്നവയായിരിക്കണം.
4. കണ്ണിൽ നിന്നോ മൂക്കിൽ നിന്നോ സ്രവങ്ങൾ വരാത്തവയും മുടന്തില്ലാത്തവയും തൊലിപ്പുറത്ത് വ്രണങ്ങളോ പരാദ ജീവികളോ ഇല്ലാത്തവയുമായിരിക്കണം.
5. പശുക്കൾ ആരോഗ്യമുള്ളവയും നേരിട്ടുള്ള കാഴ്ചയിലോ, പരിശോധനയിലോ അസുഖങ്ങൾ ഇല്ലാത്തവയുമായിരിക്കണം.

### നിബന്ധനകൾ

1. ഒരു പശുവിന് ലഭിക്കേണ്ട കുറഞ്ഞ വില വെള്ളക്കടലാസിൽ രേഖപ്പെടുത്തി പൂർണ്ണ മേൽ വിലാസമെഴുതി ഒപ്പിട്ട് വേണം ക്വട്ടേഷൻ തയ്യാറാക്കേണ്ടത്. ക്വട്ടേഷനിൽ പശുവിന്റെ ഇനം, ലഭിക്കുന്ന പാലിന്റെ അളവ്, പ്രസവത്തിന്റെ എണ്ണം എന്നിവ രേഖപ്പെടുത്തിയിരിക്കണം.
2. ഇപ്രകാരം തയ്യാറാക്കിയ ക്വട്ടേഷനുകൾ കവറിലിട്ട് ഒട്ടിച്ച് 28.10.2024 ന് ഉച്ചക്ക് മുൻപ് 11.00 മണിക്ക് മുൻപായി അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.
3. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി ₹2500.00 (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അടക്കേണ്ടതാണ്. ക്വട്ടേഷൻ നടപടികൾക്ക് ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
4. അന്നേ ദിവസം 11.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. നിരക്കുകൾ ന്യായമെന്ന് കണ്ടാൽ പശുക്കളെ ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ സംഘം നേരിൽ പരിശോധിക്കുന്നതും നിലവാരമുള്ളവയെ വാങ്ങിക്കുന്നതുമാണ്.
5. വാങ്ങിക്കുന്ന പശുക്കളെ സ്വന്തം ചെലവിൽ ഗവേഷണ കേന്ദ്രത്തിൽ എത്തിച്ച് കൈമാറാൻ പശുവിന്റെ ഉടമസ്ഥൻ ബാധ്യസ്ഥനാണ്.
6. ക്വട്ടേഷൻ നടപടി ഏത് സമയത്തും അസ്ഥിരപ്പെടുത്തുന്നതിന് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും. സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)

**ഡോ. പി. രാജി**

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ: നോട്ടീസ് ബോർഡ് – മിനി സിവിൽ സ്റ്റേഷൻ/കൃഷി ഭവൻ, പട്ടാമ്പി/മൃഗാശുപത്രി, പട്ടാമ്പി/ഓഫീസ്/ഫാം ഓഫീസ്/വിൽപ്പന കേന്ദ്രം/സർവ്വകലാശാല വെബ് സൈറ്റ്.

പകർപ്പ്: ഫാമിന്റെ ചുമതലയുള്ള ശാസ്ത്രജ്ഞൻ/ഫാം സൂപ്രണ്ട്.

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ